# ‘വിശ്വാസത്തിൽ ഇരിക്കുന്നുവോ’

## 2 കൊരിന്ത്യർ 13:5

“നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്നു നിങ്ങളെത്തന്നേ പരീക്ഷിപ്പിൻ; നിങ്ങളെത്തന്നേ ശോധനചെയ്‌വിൻ. നിങ്ങൾ കൊള്ളരുതാത്തവർ അല്ല എന്നുവരികിൽ, യേശുക്രിസ്തു നിങ്ങളിൽ ഉണ്ടു എന്നു നിങ്ങളെത്തന്നേ അറിയുന്നില്ലയോ?”

അപ്പോസ്തോലനായ പൗലൂസ് കൊരിന്ത്യരോടു ചോദിക്കുന്ന ഒരു ചോദ്യത്തിന്റെ മറുപടി യാണ് പ്രസ്തുത വേദഭാഗം. യേശുകർത്താവിനെ ശക്തിയോടെ സാക്ഷിച്ച ഏറ്റം വലിയ അപ്പോസ്തോലനെതിരായി ജനം ആരോപണം ഉയർത്തുന്നു. ക്രിസ്തു അവനിൽ സംസാരിച്ചതിനു തുമ്പ് അന്വേഷിച്ചുവന്ന ഒരു ഗണം. ഇന്നത്തെ ലോകത്തിന്റെ വലിയ കാഴ്ചയാണ് ഇവിടെ കാണുന്നത്.

പൗലോസ് പരിപൂർണ്ണമായും സമ്മതിക്കുന്നു, അവൻ ബലഹീനനാണ്. എങ്കിലും ദൈവ ശക്തിയാൽ സകലതും പ്രവർത്തിക്കുന്നു. ലോകമനുഷ്യന്റെ ഭാഷയോട് പൗലോസ് വ്യക്തമായ മറുപടി നൽകുന്നു. തന്നിൽതന്നെ ഒന്നു തിരിഞ്ഞുനോക്കാൻ മറന്നുകൊണ്ട് മറ്റുള്ളവരെ വിധിയെഴുതുക എന്നതാണ് മനുഷ്യപ്രവണത. അങ്ങനെയുള്ളവരുടെ ഇടയിലേക്ക് ചോദിക്കുന്നു നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്ന് പരീക്ഷിക്കുക, പരിശോധിക്കുക. ഇന്ന് എവിടെനോക്കിയാലും പരിശോധന ഉണ്ട്. Hospital, Airport എന്നുവേണ്ട ക്യാമറയുടെ കീഴിൽ നിരന്തരമായി പരിശോധിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലത്തിലാണ് നാം ആയിരിക്കുന്നത്. എന്നാൽ ഇതെല്ലാം മറ്റുള്ളവർ നമ്മെ പരിശോധി ക്കുന്നതാണ്. ദൈവവചനം പറയുന്നു നിങ്ങൾ നിങ്ങളെ തന്നെ ശോധന ചെയ്‌വിൻ.

ഒരു വ്യക്തിഗത പരിശോധന അഥവാ ആത്മശോധന ഒരു ദൈവപൈതൽ നിരന്തരം നട ത്തേണ്ടതാകുന്നു. ക്രിസ്തു എന്നിൽ ഉണ്ട് എന്ന് അപ്പോസ്തോലൻ പ്രാഗൽഭ്യത്തോടെ സമ്മതിക്കുന്നു. അവനിൽ ഈ വിശ്വാസം ഉറപ്പായിരുന്നു. അതേ പ്രിയരേ, ക്രിസ്തു ഇന്ന് നമ്മിൽ ഉണ്ടെങ്കിൽ, ഉറപ്പോടെ വിശ്വാസത്തിൽ നിൽക്കാനും, വിശ്വാസത്തിൽ നിൽക്കുന്ന വനെ തിരിച്ചറിയാനും കഴിയും. മാത്രമല്ല സത്യവും നീതിയും പ്രവർത്തിക്കുന്നവനെ കുറ്റം ആരോപിക്കാനും കഴിയില്ല.

ക്രിസ്തു എന്നിൽ വസിക്കുന്ന ഭാവത്തിൽ മാത്രം ജീവിക്കാൻ നമുക്കു പ്രാർത്ഥിക്കാം. ദൈവമഹത്വം എടുക്കുന്ന ഒരു ജീവിതശൈലി, വാക്കുകൾ, ചിന്ത എല്ലാം അവനോടുകൂടി

ക്രമീകരിക്കപ്പെടുവാൻ ഇടയാകട്ടെ. ക്രിസ്തു നമ്മിൽ വസിക്കുന്നുവെങ്കിൽ നാം അവനിൽ ജീവിക്കുന്നു. അവന്റെ വചനത്തിൽ ജീവിക്കുന്നു. അപ്പോൾ പൗലോസ് അപ്പോസ്തോലന് വെളിപ്പെടുത്തിയതുപോലെ കൊള്ളാവുന്നവരായിത്തീരാൻ കർത്താവ് ഇടയാക്കും. 'കൊള്ളരുതാത്തവർ' എന്ന് നമ്മെത്തന്നെ തിരിച്ചറിഞ്ഞാൽ ക്രിസ്തു വാസ്തവമായി നമ്മിൽ ഇല്ലെന്നു വചനം പഠിപ്പിക്കുന്നു. കർത്താവാകുന്ന മുന്തിരിവള്ളിയോടു ചേർന്ന് അവനിൽ തന്നെ നമുക്കു വസിക്കാം. 'ഹൃദയം നിറഞ്ഞു തുളുമ്പുന്ന സമാധാനം' അപ്പോൾ നമ്മുടെ ജീവിതത്തിൽ ഒഴുകാൻ ഇടയാകും. ഓരോ ദിനവും നമ്മെത്തന്നെ ദൈവവചനമാകുന്ന കണ്ണാടിയിലൂടെ പരിശോധിക്കുവാൻ, പരീക്ഷിക്കുവാൻ വിട്ടുകൊടുക്കാം. കുറവായുള്ളതെല്ലാം യേശുക്രിസ്തുവിൽ പൂർത്തീകരിക്കപ്പെടുവാൻ അവന്റെ ഉള്ളം കരങ്ങളിൽ കൊടുക്കാം. കർത്താവ് സഹായിക്കട്ടെ.

പരാമർശം :

ഗലാത്യർ 2:20

ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നതു.

സിസ്റ്റർ ബിന്ദു റെജി അയ്മനം 110